**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1386** **08-12-2022 - ൽ മറുപടിയ്ക്ക്**

**എറണാകുളം ജില്ലയിലെ ബ്രിഡ്ജുകളുടെ നിർമ്മാണ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | എറണാകുളം ജില്ലയിൽ റോഡ് ആൻഡ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ഓഫ് കേരള നിർവഹണ ഏജൻസിയായ വടുതല, അറ്റ്ലാന്റിസ്, വാത്തുരുത്തി എന്നീ റെയിൽവേ ഓവർ ബ്രിഡ്ജുകളുടെ നിർമ്മാണ പുരോഗതി എന്തെന്ന് വിശദമാക്കുമോ; | (എ) | **വടുതതല റെയിൽവേ മേൽപ്പാലം**<br><br>വടുതല റെയിൽവേ മേൽപാലത്തിന്റെ നിർമ്മാണത്തിന് 27.07.2017 ൽ കിഫ്ബി 47.72 കോടി രൂപ അനുവദിച്ചിരുന്നു. അപ്രോച്ച് റോഡ് ക്ലിയറൻസ്, എറണാകുളം, ഷൊർണ്ണൂർ 3rd ലൈൻ എന്നിവയുമായി ബന്ധപ്പെട്ട് അലൈൻമെന്റ് പുതുക്കി നൽകണമെന്ന് റെയിൽവേ ആവശ്യപ്പെടുകയും ആയത് പ്രകാരം പുതുക്കി നൽകുകയും ചെയ്തിരുന്നു. റെയിൽവേ ജി.എ.ഡി അംഗീകരിച്ചത് 29.01.2021 ലാണ്.<br><br>എന്നാൽ എൽ.എ ആക്ട് പ്രകാരം സ്വീകരിച്ച എൽ.എ നടപടികൾ കാലഹരണപ്പെട്ടതിനാൽ (ഡിനോവ) പുതുക്കിയ റിക്വിസിഷൻ ജില്ലാ കളക്ടർ എറണാകുളത്തിന് 13.04.2021-ൽ സമർപ്പിച്ചു. ചേരാനല്ലൂർ വില്ലേജിൽ വിവിധ സർവേ നമ്പറുകളിലുമായി 60.15 ആർ സ്ഥലമാണ് ഏറ്റെടുക്കേണ്ടത്. പുതിയതായി സാമൂഹ്യാഘാത പഠനം നടത്തിയശേഷം ഭൂമി ഏറ്റെടുക്കൽ നടപടികളും, ഏറ്റെടുത്ത ഭൂമിയിലെ ബിൽഡിംഗ് വാല്യുവേഷനുള്ള നടപടികളും പുരോഗമിച്ച് വരുന്നു.<br><br>**വാത്തുരുത്തി റെയിൽവേ മേൽപ്പാലം**<br><br>പദ്ധതിയുടെ നിർമ്മാണത്തിന് ആവശ്യമായ ഭൂമി കൊച്ചി പോർട്ട് ട്രസ്റ്റ്, ഇന്ത്യൻ നേവി, ഇന്ത്യൻ റെയിൽവേ, ദേശീയപാത എന്നിവയുടെ നിയന്ത്രണത്തിലുള്ളതാണ്. കൂടാതെ പദ്ധതി പ്രദേശം നേവൽ എയർപോർട്ടിന്റെ സമീപവുമാണ്. ആയതിനാൽ ഇന്ത്യൻ നേവിയിൽ നിന്നും പദ്ധതിയുടെ നിർമ്മാണത്തിന് NOC ലഭിക്കേണ്ടതുമുണ്ട്. |

| | | | |
|---|---|---|---|
| | | | പദ്ധതിയുടെ അലൈൻമെന്റ് അംഗീകാരത്തിന് വേണ്ടി വിവിധതരം അലൈൻമെന്റുകൾ പരിശോധിക്കുകയും ഇവ സംബന്ധിച്ച് പ്രദേശത്തെ ജനപ്രതിനിധികൾ, ചീഫ് സെക്രട്ടറി എന്നിങ്ങനെ വിവിധ തലങ്ങളിൽ കൊച്ചി പോർട്ട് ട്രസ്റ്റ്, ഇന്ത്യൻ നേവി എന്നിവരുമായി ചർച്ച നടത്തിയെങ്കിലും കൊച്ചി പോർട്ട് ട്രസ്റ്റ്, ഇന്ത്യൻ നേവി എന്നിവരുടെ അംഗീകാരം ലഭിച്ചിട്ടില്ലാത്തതുമാണ്. ഈ വിഷയം സർക്കാർ പരിശോധിച്ച് വരുന്നു.<br><br>**അറ്റ്ലാന്റിസ് റെയിൽവേ മേൽപ്പാലം**<br><br>എറണാകുളം ജില്ലയിലെ അറ്റ്ലാന്റിസ് റെയിൽവേ മേൽപ്പാലം പദ്ധതിക്കായി ആകെ ഏറ്റെടുക്കേണ്ടിയിരുന്ന ഭൂമിയിൽ മുൻപ് നിർമ്മാണ ചുമതല ഉണ്ടായിരുന്ന കൊച്ചിൻ കോർപ്പറേഷൻ കുറച്ച് ഭൂമി ഏറ്റെടുത്തിരുന്നു. ഇത് കൂടാതെ അധികമായി ഏറ്റെടുക്കേണ്ട 0.5049 ഹെക്ടർ സ്ഥലം ഏറ്റെടുത്ത് വിവിധ മാറ്റങ്ങൾ ഉൾക്കൊള്ളിച്ച് പുതുക്കിയ ജി.എ.ഡി റെയിൽവേയിൽ സമർപ്പിച്ചിട്ടുണ്ട്. ആയത് റെയിൽവേയുടെ പരിഗണനയിലുമാണ്. |
| (ബി) | കേരള റോഡ് ഫണ്ട് ബോർഡ് നിർവഹണ ഏജൻസി ആയിട്ടുള്ള എറണാകുളം ജില്ലയിലെ കൊറങ്കോട്ട വട്ടുതല പാലത്തിന്റെ നിർമ്മാണ പുരോഗതി എന്തായി എന്ന് വിശദമാക്കുമോ ? | (ബി) | കൊറങ്കോട്ട വട്ടുതല പാലത്തിന്റെ അലൈൻമെന്റ് നവീകരിക്കുന്നതിന് 13/09/2022-ൽ കിഫ്ബി നിർദ്ദേശത്തെത്തുടർന്ന് അഡിഷണൽ ഇൻവെസ്റ്റിഗേഷൻ ചെയ്യുന്നതിനായി 28/10/2022-ൽ ചീഫ് എഞ്ചിനീയർ ഡിസൈൻ വിഭാഗത്തിന് കത്ത് നൽകിയിട്ടുണ്ട്. ടോപ്പോഗ്രാഫിക്കൽ സർവ്വേ നടത്തുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ